**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2705** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ കാങ്കോൽ-ആലപ്പടമ്പ് ഗ്രാമപഞ്ചായത്തിലെ വൈപ്പിരിയം എന്ന സ്ഥലത്ത് ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിരുന്നോ; വ്യക്തമാക്കാമോ; | (എ) | നടപ്പിലാക്കിയിരുന്നു. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി. 1992-1997 കാലഘട്ടത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ കാങ്കോൽ ആലപ്പടമ്പ് പഞ്ചായത്തിലുള്ള രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി പ്രകാരം 29 വീടുകൾ നിർമ്മിക്കുകയുണ്ടായി. |
| (ബി) | എത്ര പേർക്കാണ് വീട് അനുവദിച്ച് കൊടുത്തതെന്ന് അറിയിക്കാമോ; | (ബി) | 27 പേർക്ക് വീടുകൾ അനുവദിക്കുകയുണ്ടായി. |
| (സി) | അതിൽ എത്രപേർക്കാണ് പട്ടയം അനുവദിച്ച് കൊടുത്തിട്ടുള്ളത്; വിശദമാക്കാമോ; | (സി) | കാങ്കോൽ വില്ലേജിൽ റി.സ.157/7 ൽ പ്പെട്ടതും ഹൗസിംഗ് ബോർഡിന്റെ കൈവശത്തിലുള്ളതുമായ സ്ഥലത്ത് താമസിക്കുന്ന 6 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. |
| (ഡി) | അനുവദിച്ച് നൽകിയ വീടുകളിൽ നിലവിൽ എത്ര വീടുകളിലാണ് ആളുകൾ താമസിക്കുന്നത്; ആളുകൾ താമസിക്കാൻ വിമുഖത കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | 4 വീടുകളിൽ താമസമുണ്ട്. കാങ്കോൽ ആലപ്പടമ്പ് രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയിൽ കുടിവെള്ള ക്ഷാമം, വൈദ്യുതി ലഭ്യമാകാത്തത് എന്നീ കാരണങ്ങൾ ഒട്ടേറെപ്പേർ അവിടെ താമസിക്കാതിരിക്കാനുള്ള കാരണമായി അറിയിച്ചിട്ടുണ്ട്. 25 വർഷങ്ങൾക്ക് മുമ്പ് നിലവിലുണ്ടായിരുന്ന കേരളത്തിലെ സാമൂഹ്യ സാഹചര്യം കണക്കാക്കി നിർമ്മിച്ച വീടുകളാണ് അവ. പാവപ്പെട്ടവർക്ക് വേണ്ടി അന്നത്തെ സർക്കാർ രൂപം നല്കിയ പദ്ധതിയിൽ ഒരു വീടിന്റെ തറ വിസ്തീർണ്ണം 28 മീറ്റർ സ്ക്വയർ മാത്രമായിരുന്നു. അന്നത്തെ അവസ്ഥയിൽ നിന്നും കേരള ജനതയുടെ ജീവിത നിലവാരം ഇന്ന് വളരെ ഉയർന്നിരിക്കുന്നതിനാൽ നിലവിൽ അത്തരം വീടുകളിൽ താമസിക്കാൻ ആളുകൾ വിസമ്മതിക്കുന്നു. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ? | (ഇ) | നിലവിൽ ഈ പദ്ധതിയിൽ 4 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇത്തരം പദ്ധതി വീടുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിക്കഴിഞ്ഞാൽ പിന്നീട് വീടും പരിസരവും |

| | | | |
|---|---|---|---|
| | | | സൂക്ഷിക്കേണ്ടത് ഗുണഭോക്താക്കളും അവരുടെ കൂട്ടായ്മയുമാണ്. ഇത്തരം പദ്ധതികളിൽ വീണ്ടും പണം മുടക്കാൻ സർക്കാർ തലത്തിൽ പിന്നീട് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. വീടുകൾ ലഭിച്ച ഗുണഭോക്താക്കൾ ദീർഘകാലം വീടുകളിൽ താമസമില്ലാത്തതിനാലും വീടുകൾക്ക് ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യാത്തതിനാലും പല വീടുകളും വാസയോ ഗ്യമല്ലാതിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ